LIBRARY ARCHIVES Kerala Legislative Assembly

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺയോജന

90(2342) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ ജില്ലകളിലായി എത്ര പദ്ധതികൾ ഏറ്റെടുത്തു ; എത്രയെണ്ണം പൂർത്തിയാക്കി ; എന്തു തുക ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ ?

ഉത്തരം

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചു. കാസർഗോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് ടെൺകീ കോൺട്രാക്ടർമാർക്ക് നൽകി. പദ്ധതിയുടെ സർവ്വേ നടപടികൾ പൂർത്തിയായി വരുന്നു. മലപ്പുറം ജില്ലയിൽ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇടുക്കി ജില്ലയിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി ഇതുവരെയായി ആകെ 16.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു നൽകുവാൻ നടപടി

91(2343) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യാധീനപ്പെട്ട ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് മടക്കി നൽകണമെന്ന സുപ്രീംകോടതിയുടെ 2009-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ;

(ബി) വിധി നടപ്പാക്കുന്നതിന് സമയം നീട്ടി ചോദിച്ചുകൊണ്ട് സുപ്രീം കോടതിയെ സമീപിക്കുകയുണ്ടായോ ; എങ്കിൽ അത് അനുവദിച്ചു കിട്ടിയോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്തൊട്ടാകെ ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര കേസുകൾ നിലവിലുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലപരിധിക്കുള്ളിൽ അർഹരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകാനാവുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അന്യാധീനപ്പെട്ടുപോയ ഭൂമി ആദിവാസികൾക്ക് വീണ്ടെടുത്ത് നൽകാനും അപ്രകാരം വീണ്ടെടുത്ത് നൽകാൻ കഴിയാത്ത കേസുകളിൽ പകരം ഭൂമി ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. അർഹരായ എല്ലാവർക്കും ഭൂമി നൽകുന്നതിനുവേണ്ടി ലഭ്യമായ വനഭൂമി, സുപ്രീംകോടതിയുടെ പരിഗണനയിലുള്ള 7693 ഹെക്ടർ ഭൂമി നെറ്റ് പ്രസന്റ് വാല്യൂ (NPV) ഒഴിവാക്കിയും സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങാൻ ഉദ്ദേശിച്ച ഭൂമി എന്നിങ്ങനെ വിവിധ സ്രോതസ്സുകളിൽ നിന്നും ഭൂമി ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കണ്ണൂർ, വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ ലഭ്യമായ നിക്ഷിപ്ത വനഭൂമി പരിശോധിച്ച് വിതരണത്തിനുള്ള അനുയോജ്യത ഉറപ്പുവരുത്തുന്ന നടപടി പുരോഗമിയായി വരുന്നു.

(ബി) വിധി നടപ്പാക്കുന്നതിന് സമയം നീട്ടി ചോദിച്ചുകൊണ്ട് സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നു. അന്യാധീനപ്പെട്ട ഭൂമിക്ക് പകരം നൽകുന്നതിന് ആവശ്യമായ റവന്യൂ ഭൂമി ലഭ്യമല്ല. അതിനാൽ പകരം ഭൂമി കണ്ടെത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്ന സാഹചര്യത്തിലാണ് വിധി നടപ്പാക്കാൻ അധികസമയം ചോദിച്ചത്. 2011 മാർച്ച് 31-നകം ഭൂമി നൽകിയിരിക്കണമെന്നാണ് ബഹു. സുപ്രീം കോടതിയുടെ വിധി.

(സി) റവന്യൂ വകുപ്പ് നടത്തിയ വിശദ്ധതല പരിശോധനയിൽ ഇത്തരത്തിൽ 3254 കേസ്സുകൾ ഉള്ളതായി കണ്ടെത്തിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	34
പത്തനംതിട്ട	78
കോട്ടയം	273
ഇടുക്കി	244
തൃശ്ശൂർ	23
പാലക്കാട്	1005
മലപ്പുറം	34
വയനാട്	1563
ആകെ	3254

(ഡി) അർഹരായ മുഴുവൻ ആദിവാസികൾക്കും ഭൂമി നൽകുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly